"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- സർവ്വെയും ഭൂരേഖയും വകുപ്പിലെ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ 10.05.1966 മുതൽ 01.06.1998 വരെയുള്ള താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(ഇ) വകുപ്പ്

സ.ഉ.(കൈ) നം.221/2021/റവ. തീയതി,തിരുവനന്തപുരം, 10/11/2021

പരാമർശം:-
1. 10.05.1966 ലെ സ.ഉ(എം.എസ്).268/66/റവ
2. 24.07.1998 ലെ സ.ഉ(പി).24/98/P&ARD
3. 27.03.2013 ലെ സ.ഉ(പി).113/2013/റവ
4. 22.05.2017 ലെ സർവ്വെ ഡയറക്ടറുടെ SC2-7586/2012 നം. കത്ത്.
5. 03.11.2017 ലെ ഇ2/174/2017/റവ നം. കത്ത്.
6. 19.01.2021 ലെ സർവ്വെ ഡയറക്ടറുടെ DSLR/1716/2018-SC2 നം. കത്ത്.
7. 01/11/2021 തീയതികളിലെ സർവ്വെ ഡയറക്ടറുടെ DSLR/1716/2018-SC2 നം. കത്ത്.

ഉത്തരവ്

സർവ്വെയും ഭൂരേഖയും വകുപ്പിൽ പരാമർശം(3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ 01.11.1956 മുതൽ 01.01.2005 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായും, ടി തസ്തികയിൽ നൽകിയിരുന്ന താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ റെഗുലറൈസ് ചെയ്ത് ഹയർ ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായും പരാമർശ(4) പ്രകാരം സർവ്വെ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. തുടർന്ന് പരാമർശം(5) ലെ സർക്കാർ നിർദേശ പ്രകാരം കെ.എസ്&എസ്.എസ്.ആർ ഭാഗം-2 ചട്ടം 28(b)(i)(14) ന്റെയും, പരാമർശം(2) ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 01.11.1956 മുതൽ 01.01.2005 വരെയുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് കൂടി പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തി 1966 മുതൽ 01.06.1998 വരെയുള്ള സർവ്വെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി സർവ്വെ ഡയറക്ടർ പരാമർശം(7) പ്രകാരം ലഭ്യമാക്കിയിരുന്നു.

2) സർവ്വെയും ഭൂരേഖയും വകുപ്പിൽ പരാമർശം(1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ആദ്യ തസ്തിക അനുവദിച്ചതു മുതൽ 28/01/2019 വരെ ടി തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം പ്രകാരമാണ് സ്ഥാനക്കയറ്റം നൽകിയിരുന്നതെന്നും,

സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഡി.പി.സി(ഹയർ) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും നേരത്തെ നൽകിയിട്ടുള്ള താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനും ഫീഡർ കേഡറായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഇല്ലാത്തതിനാലായിരുന്നു ഇത്തരത്തിൽ നിരന്തരം ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി വന്നിരുന്നതെന്നും 01/11/1956 മുതൽ 01/01/2005 വരെയുള്ള ഫീൽഡ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് 27/03/2013 തീയതിയിലാണ് അന്തിമമാക്കിയിരുന്നതെന്നും ടി ഉത്തരവിന് ശേഷമാണ് 1966 മുതൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർമാരുടെ സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും നടപടികൾ ആരംഭിച്ചിരുന്നതെന്നും 1966 മുതൽ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ ഭൂരിഭാഗം ഉത്തരവുകളുടെ പകർപ്പോ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയലുകളോ സർവ്വെ ഡയറക്ടറേറ്റിലെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനഫലമായി നിരന്തരം പരിശോധിച്ചിട്ടും പ്രസ്തുത വിവരങ്ങൾ സർവ്വെ ഡയറക്ടറേറ്റിൽ ലഭ്യമാകാത്തതിനാൽ ടി ജീവനക്കാരുടെ ഗസറ്റഡ് എൻടൈറ്റിൽഡ് രജിസ്റ്റർ പരിശോധിക്കുന്നതിന് പ്രത്യേക ടീമിനെ നിയോഗിച്ചിട്ടും പ്രസ്തുത വിവരങ്ങൾ അടങ്ങിയ രേഖകൾ കാലപഴക്കം ചെന്ന് പരിശോധിക്കാൻ കഴിയാത്ത അവസ്ഥയിൽ ആയതിനാലുമാണ് 1966 മുതൽ 01/06/1998 വരെ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ടി താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുന്ന തീയതി അസൈൻ ചെയ്ത് നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട ഒഴിവുകൾ നിലവിൽ വന്ന തീയതിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് അർഹരായവർക്ക് കെ.എസ്&എസ്.എസ്.ആർ ഭാഗം-2 ചട്ടം 28(b)(i)(14) പ്രകാരം പ്രസ്തുത സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനായി ടി ജീവനക്കാരുടെ പ്രൊബേഷൻ പരിഗണിക്കേണ്ടതില്ലായെന്നുള്ള പരാമർശം(2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1966 മുതൽ 01.06.1998 വരെയുള്ള ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്ത് ഉത്തരവാകുന്നതിന് സർക്കാരിൽ ശിപാർശ ചെയ്തിരുന്നുവെന്നും സർവ്വെ ഡയറക്ടർ പരാമർശം(6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.1358/2018 നം. കേസിന്മേലുള്ള 09.02.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനും, കൂടാതെ 2015-2021 വർഷത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായും 07/09/2021 ൽ ഹയർ ഡി.പി.സി കൂടുകയുണ്ടായി. ടി ഡി.പി.സി യോഗം മേൽവിഷയം പരിശോധിക്കുകയും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ 1966 മുതൽ 1998 വരെയുള്ള താൽക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്തതിനു ശേഷം മാത്രമേ ടി കാലയളവിനു ശേഷമുള്ള താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനും ടി കാലയളവിലെ സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനും കഴിയുകയുള്ളൂയെന്ന് തീരുമാനമെടുക്കുകയുണ്ടായി.

4) 1966 മുതൽ 01.06.1998 വരെയുള്ള കാലയളവിലെ ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനായി

സമർപ്പിച്ചിരുന്ന പട്ടികയിൽ ക്രമ നം. 60 ആയി ഉൾപ്പെടുത്തേണ്ടിയിരുന്നത് ഫീൽഡ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ക്രമ നം. 111 ആയി ഉൾപ്പെട്ടു വരുന്ന ശ്രീ.റ്റി.എസ്.രവീന്ദ്രൻ പിള്ള എന്നവരെയായിരുന്നെന്നും ടിയാനെ 31.05.1997 തീയതിയിൽ ശ്രീ.പി.സി.ചാക്കോ വിരമിച്ചതിനാൽ 01.06.1997 തീയതിയിൽ നിലവിൽ വന്ന ഒഴിവിലേക്ക് പരിഗണിക്കുന്നതിന് അർഹതയുണ്ടായിരുന്നെന്നും എന്നാൽ ടിയാൻ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം റിലിൻക്വിഷ് ചെയ്തിട്ടുള്ളതും ആയത് 06.06.1997 ലെ സ.ഉ(സാധാ).നം.1885/97/റവ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണെന്നും ടി സാഹചര്യത്തിൽ ടിയാനെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും പരാമർശം(7) പ്രകാരം സർവ്വെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) പരാമർശം(7) പ്രകാരം സർവ്വെ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള 10.05.1966 മുതൽ 01.06.1998 വരെയുള്ള കാലയളവിലെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുന്നതിനായി സർവ്വെ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| Sl. No. | Name | Rank No. In the cadre of AD | Date of Birth | Proposed date to be assigned in the cadre of DD |
|---|---|---|---|---|
| 1 | Balakrishnan Nair.P | 6 | 30.09.1922 | 10.05.1966 |
| 2 | Sukumaran.M.P | 8 | 15.06.1921 | 01.02.1973 |
| 3 | Krishnankutty.K | 9 | 20.03.1930 | 12.02.1975 |
| 4 | Balakurup.K | 16 | 30.05.1931 | 01.07.1976 |
| 5 | E.Kunhirama Nayanar | 17 | 01.07.1925 | 01.10.1977 |
| 6 | N.P.Balakrishna Menon | 18 | 13.01.1931 | 01.07.1980 |
| 7 | K.Kochugovinda Menon | 28 | 10.02.1929 | 24.02.1984 |
| 8 | P.Ravunni Nair | 29 | 15.03.1930 | 24.02.1984 |
| 9 | Padmanabhan Nambiar.V.K. | 30 | 15.03.1934 | 24.02.1984 |
| 10 | Sukumara Pillai.N | 32 | 17.07.1931 | 24.02.1984 |
| 11 | Bhaskaran Nambiar.O.K | 33 | 06.04.1935 | 24.02.1984 |
| 12 | Soman.K.M | 34 | 05.06.1946 | 24.02.1984 |
| 13 | P.Rama Das | 40 | 24.11.1930 | 24.02.1984 |
| 14 | Padmanabhan Nambiar.N.V | 41 | 14.06.1930 | 24.02.1984 |
| 15 | Balakrishnan Nambiar.V.V | 43 | 08.04.1932 | 24.02.1984 |
| 16 | Kunhambu Nair.K.V | 44 | 11.09.1930 | 24.02.1984 |
| 17 | Balan Nambiar.C | 45 | 15.08.1934 | 24.02.1984 |
| 18 | Balakrishna Pillai.P.S | 46 | 09.02.1936 | 24.02.1984 |
| 19 | Thomas.P.M | 47 | 28.02.1935 | 01.03.1984 |
| 20 | Sundara Das.P | 48 | 14.11.1930 | 01.04.1985 |
| 21 | Raghavan Pillai.K.N | 49 | 17.03.1932 | 01.04.1985 |
| 22 | Velayudhan.A | 50 | 15.04.1950 | 01.07.1985 |
| 23 | Samuel.V | 51 | 13.02.1933 | 01.10.1985 |

| | | | | |
|---|---|---|---|---|
| 24 | Bhaskaran Nambiar.A | 52 | 02.07.1931 | 01.12.1985 |
| 25 | Sekhara Pillai.G | 54 | 09.03.1934 | 01.12.1985 |
| 26 | Varghese.M.P | 55 | 17.02.1934 | 01.02.1986 |
| 27 | Kesari.E | 56 | 19.05.1934 | 01.02.1986 |
| 28 | Chacko.Y | 57 | 18.10.1933 | 01.06.1986 |
| 29 | Muraleedharan.K | 58 | 21.04.1950 | 01.08.1986 |
| 30 | John.K.A | 59 | 15.01.1948 | 01.08.1986 |
| 31 | Omanakutty Amma.T.K | 60 | 25.02.1948 | 01.04.1987 |
| 32 | Janaki.P.K | 61 | 07.01.1946 | 01.05.1987 |
| 33 | K.C.Damodaran nambiar | 62 | 09.12.1933 | 01.03.1988 |
| 34 | Kochu Govindan.C | 63 | 10.04.1935 | 01.11.1988 |
| 35 | Rengasami.D | 64 | 18.06.1935 | 01.01.1989 |
| 36 | Chandrasekharan.K.S | 66 | 28.10.1954 | 01.03.1989 |
| 37 | Ramanunni Menon.P.K | 69 | 19.07.1934 | 01.04.1989 |
| 38 | Achuthan Nair.C.V | 74 | 06.05.1935 | 01.06.1989 |
| 39 | Gopalan Nambiar.K | 75 | 12.08.1934 | 01.08.1989 |
| 40 | Rajasekharan Nair.A.K | 78 | 25.05.1938 | 01.09.1989 |
| 41 | Chellappan pillai.V | 79 | 22.04.1936 | 01.09.1989 |
| 42 | Gopalakrishnan.P.G | 80 | 17.04.1946 | 01.11.1989 |
| 43 | Abdul Samad.M | 81 | 28.07.1936 | 01.03.1990 |
| 44 | Vasudevan Nair.A | 83 | 06.12.1938 | 01.05.1990 |
| 45 | Xavier.M.T | 84 | 22.04.1943 | 01.05.1990 |
| 46 | Balakrishnan.N | 85 | 19.10.1936 | 01.06.1990 |
| 47 | Mohanan Nair.G | 86 | 24.08.1939 | 01.07.1990 |
| 48 | Sreedharan.K | 87 | 15.07.1944 | 01.05.1991 |
| 49 | Chacko.P.C | 88 | 18.05.1942 | 01.08.1991 |
| 50 | Narayanankutty.P.P | 89 | 11.12.1942 | 01.11.1991 |
| 51 | Sahadevan.M.R | 90 | 20.10.1939 | 01.06.1993 |
| 52 | Mohammed Basheer Rawther | 92 | 22.04.1939 | 01.01.1994 |
| 53 | Aravindan.V | 96 | 06.10.1940 | 01.05.1994 |
| 54 | Kumaran.G | 97 | 19.09.1948 | 01.09.1994 |
| 55 | Raveendran Nair.R | 98 | 05.05.1941 | 16.09.1994 |
| 56 | Sreekumaran.G | 99 | 28.05.1942 | 01.11.1994 |
| 57 | Haridasan.K.V | 100 | 01.05.1942 | 01.11.1995 |
| 58 | Sekhara Pillai.M | 101 | 20.05.1943 | 01.06.1996 |
| 59 | Manikantan Nair.A | 109 | 24.03.1943 | 01.05.1997 |
| 60 | Soman Nair.A.G | 112 | 13.08.1942 | 01.06.1997 |
| 61 | Sukumaran Nair.P.K | 114 | 11.10.1942 | 01.09.1997 |
| 62 | Philip Sebastian | 118 | 01.06.1944 | 01.11.1997 |

| | | | | |
|---|---|---|---|---|
| 63 | Joseph.K.J | 124 | 23.08.1943 | 01.11.1997 |
| 64 | Abraham.K.T | 130 | 23.01.1943 | 01.01.1998 |
| 65 | Thulaseedharan Pillai.R | 131 | 10.10.1945 | 01.02.1998 |
| 66 | Rajan Nair.K | 132 | 20.05.1946 | 01.04.1998 |
| 67 | Sasidharan.P | 133 | 09.07.1945 | 01.05.1998 |
| 68 | Babu Thekkan | 134 | 29.05.1962 | 01.06.1998 |

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വെയും ഭൂരേഖയും വകുപ്പിൽ 1966 മുതൽ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ ഭൂരിഭാഗം ഉത്തരവുകളുടെ പകർപ്പോ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയലുകളോ സർവ്വെ ഡയറക്ടറേറ്റിലെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനഫലമായി നിരന്തരം പരിശോധിച്ചിട്ടും പ്രസ്തുത വിവരങ്ങൾ സർവ്വെ ഡയറക്ടറേറ്റിൽ ലഭ്യമാകാത്തതിനാൽ ടി ജീവനക്കാരുടെ ഗസറ്റഡ് എൻടൈറ്റിൽഡ് രജിസ്റ്റർ പരിശോധിക്കുന്നതിന് പ്രത്യേക ടീമിനെ നിയോഗിച്ചിട്ടും പ്രസ്തുത വിവരങ്ങൾ അടങ്ങിയ രേഖകൾ കാലപഴക്കം ചെന്ന് പരിശോധിക്കാൻ കഴിയാത്ത അവസ്ഥയിൽ ആയതിനാലുമാണ് 1966 മുതൽ 01/06/1998 വരെ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ടി താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുന്ന തീയതി അസൈൻ ചെയ്ത് നൽകിയിട്ടുള്ളത് എന്നും ബന്ധപ്പെട്ട ഒഴിവുകൾ നിലവിൽ വന്ന തീയതിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് അർഹരായവർക്ക് കെ.എസ്&എസ്.എസ്.ആർ ഭാഗം-2 ചട്ടം 28(b)(i)(14) പ്രകാരം പ്രസ്തുത സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുന്നതിനായി ടി ജീവനക്കാരുടെ പ്രൊബേഷൻ പരിഗണിക്കേണ്ടതില്ലായെന്നുള്ള പരാമർശം(2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നതെന്നുള്ള സർവ്വെ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ടി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയത് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ടി വിഷയം ചട്ടത്തിനനുസൃതമായി പരിശോധിക്കുവാനാകാത്തതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം(7) പ്രകാരം സർവ്വെ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ഖണ്ഡിക 5 ൽ പരാമർശിച്ചിട്ടുള്ള 68 പേരുടെ 10.05.1966 മുതൽ 01.06.1998 വരെയുള്ള കാലയളവിൽ ഫീൽഡ് വിഭാഗം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നൽകിയിട്ടുള്ള താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ, പരാമർശം(2) ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കെ.എസ്&എസ്.എസ്.ആർ ഭാഗം-2 ചട്ടം 28(b)(i)(14) പ്രകാരം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

സർവ്വെ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം,തിരുവനന്തപുരം

ധനകാര്യ(വ്യയം-എ) വകുപ്പ്(Exp-A1/111/2021-FIN)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(ഉപദേശ-എ) വകുപ്പ്(ADV-A1/265/2021-PandARD)
വിവര പൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ